# പിറവം സബർബൻ മാൾ
# 10 ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

സർക്കാർ വിപണിയിൽ കാര്യക്ഷമമായി ഇടപെടുന്നതിൻറെ ഭാഗമായി പിറവത്ത് സപ്ലൈകോയുടേയും പിറവം മുനിസിപ്പൽ കോർപ്പറേഷൻറെയും സംയുക്ത സംരംഭമായ സബർബൻമാൾ തുറക്കുന്നു . സബർബൻമാൾ അങ്കണത്തിൽ സെപ്റ്റംബർ 10 രാവിലെ 10 ന് വീഡിയോ കോൺഫറൻസിങ്ങിലൂടെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിക്കും. ഭക്ഷ്യ – പൊതുവിതരണ വകുപ്പു മന്ത്രി പി.തിലോത്തമൻ അധ്യക്ഷത വഹിക്കും. മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസിൻറെ പ്രവർത്തനോദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ .സി. മൊയ്തീൻ നിർവ്വഹിക്കും. തോമസ് ചാഴികാടൻ എം.പി .മുഖ്യപ്രഭാഷണം നടത്തും. അനൂപ് ജേക്കബ്ബ് എം എൽ എ ആദ്യ വില്പന നടത്തും. സി.എം.ഡി അലി അസ്ഗർ പാഷ റിപ്പോർട്ട് അവതരിപ്പിക്കും . മുനിസിപ്പിൽ ചെയർമാൻ സാബു കെ ജേക്കബ്ബ് സ്വാഗതവും ജനറൽ മാനേജർ കൃഷ്ണതേജ മൈലവരപ്പു നന്ദിയും പറയും. തുടർന്ന് സപ്ലൈകോ വിപണിയിലെത്തിക്കുന്ന പ്രീമിയം വീറ്റ് ആട്ടയുടെ ആദ്യവിതരണം ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി നടത്തും . ജനപ്രതിനിധികൾ , രാഷ്ട്രീയപാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

പബ്ളിക്റിലേഷൻസ് ഓഫീസർ

സപ്ളൈകോ